"ഭരണഭാഷ - മാതൃഭാഷ"

നം: F1-17973/16

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 24.05.2016
Email: swdkerala@gmail.com
Phone:0471-2306040.

## സർക്കുലർ

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ജില്ലാതല റിവ്യൂ മീറ്റിംഗ് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്:

സൂചന:- ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 2.05.2016-ൽ നടത്തിയ മീറ്റിംഗ് തീരുമാനം.

സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതി നിർവ്വഹണത്തിന്റെ ജില്ലാതല നോഡൽ ഓഫീസർമാരാണ് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ. വകുപ്പിന്റെ പദ്ധതി നിർവ്വഹണം വിവിധ കീഴ് കാര്യാലയങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്. വിവിധ പദ്ധതികളുടെ നിർവ്വഹണത്തിന്റെ ജില്ലാതല റിപ്പോർട്ട് യഥാസമയം ഡയറക്ടറേറ്റിൽ ലഭ്യാമാക്കേണ്ടത് പദ്ധതി നിർവ്വഹണത്തിന്റെ മോണിറ്ററിംഗിന് അനിവാര്യമാണ്. വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പ്രവർത്തനങ്ങളും പദ്ധതി നിർവ്വഹണവും കാര്യക്ഷമമാക്കുവാൻ ചുവടെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ജില്ലാ ഓഫീസർമാർ എല്ലാ മാസവും തങ്ങളുടെ ജില്ലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും വകുപ്പിൻ കീഴിലെ എല്ലാ ജില്ലാതല കാര്യാലയ മേധാവികളെയും പങ്കെടുപ്പിച്ച് എല്ലാ മാസവും 6- ാമത്തെ പ്രവർത്തി ദിവസം റിവ്യൂ മീറ്റിംഗ് നടത്തേണ്ടതും മീറ്റിംഗിന്റെ മിനിട്ട്സ് 10- ാമത്തെ പ്രവർത്തി ദിവസം ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്.
2. പ്രസ്തുത റിവ്യൂ മീറ്റിംഗിൽ ചുവടെ സൂചിപ്പിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

   1) ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ
   2) പ്രോഗ്രാം ഓഫീസർ - ജില്ലാതല ICDS സെൽ

AN

3) പ്രൊബേഷൻ ഓഫീസർ ഗ്രേഡ് -I

4) വുമൺ പ്രൊട്ടക്ഷൻ ഓഫീസർ

5) ക്ഷേമ സ്ഥാപന സൂപ്രണ്ടുമാർ

ഇതു കൂടാതെ KSSM-ന്റെ ജില്ലാതല കോ-ഓർഡിനേറ്റർമാരെ കൂടി പ്രസ്തുത മീറ്റിംഗിൽ പങ്കെടുപ്പിക്കേണ്ടതാണ്.

സാമൂഹ്യ നീതി ഡയറക്ടർ‌ക്കു വേണ്ടി)

ബന്പ്പെട്ടവർക്ക്

പകർപ്പ്:-

1) പ്രോജക്ട് മാനേജർ ICDS
2) ED, KSSM
3) ഡയറക്ടറുടെ സി.എ.

AN